REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കുവൈത്തിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 49 പേർ മരിച്ചു. ഇവരിൽ 11 മലയാളികളുൾപ്പെടെ 40 ഓളം പേർ ഇന്ത്യക്കാർ. മരിച്ച പത്തു മലയാളികളെ തിരിച്ചറിഞ്ഞു.
- കുവൈത്ത് ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു.
- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും, മൃതദേഹങ്ങൾ വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുമായി വിദേശകാര്യ സഹമന്ത്രി കെ വി സിംഗ് ഇന്ന് കുവൈത്തിലെത്തും.
- ജി 7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പോകും
- കുവൈത്ത് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലോക കേരള സഭയുടെ ഇന്നത്തെ ഉദ്ഘാടന സമ്മേളനവും സെമിനാറും ഒഴിവാക്കി.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ അമേരിക്കയെ ഏഴ് വിക്കറ്റിനു തോൽപ്പിച്ച് ഇന്ത്യ സൂപ്പർ എട്ടിൽ.

## വാർത്തകൾ വിശദമായി

കുവൈത്തിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 49 പേർ മരിച്ചു. ഇതിൽ 40 ഓളം പേർ ഇന്ത്യക്കാരാണെന്നും 50 ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിദേശകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ

അറിയിച്ചു.11 മലയാളികൾ മരിച്ചെന്നാണ് റിപ്പോർട്ട്. ഇവരിൽ പത്ത് പേരെ തിരിച്ചറിഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

കൊല്ലം ഓയൂർ സ്വദേശി ഷെമീർ, കോട്ടയം പാമ്പാടിയിലെ സ്റ്റെഫിൻ എബ്രഹാം സാബു, കാസർകോട് ചെങ്കള കുണ്ടടുക്കത്തെ രഞ്ജിത്ത്, തൃക്കരിപ്പൂരിലെ പി.കുഞ്ഞിക്കേളു, പന്തളം സ്വദേശി ആകാശ്, പത്തനംതിട്ട വാഴമുട്ടം ഈസ്റ്റ് പി.വി. മുരളീധരൻ നായർ, കോന്നി സ്വദേശി സജു വർഗീസ്, പുനലൂരിലെ സാജൻ ജോർജ്, കൊല്ലം വെളിച്ചിക്കാല വടകോട് വിളയിൽവീട്ടിൽ ലൂക്കോസ്, തിരുവല്ലയിലെ തോമസ് ഉമ്മൻ എന്നിവരുടെ മരണമാണ് സ്ഥിരീകരിച്ചത്. പല മൃതദേഹങ്ങളും തിരിച്ചറിയാൻ കഴിയാത്ത നിലയിലാണ്. പരിക്കേറ്റവരെ അഞ്ച് ഗവൺമെന്റ് ആശുപത്രികളിലായാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. ഇവർക്ക് ശരിയായ ചികിത്സ ലഭിക്കുന്നുണ്ടെന്നും, ഭൂരിഭാഗം പേരും സുഖം പ്രാപിച്ചു വരുന്നതായും മന്ത്രാലയം അറിയിച്ചു. അപകടം നടന്ന ഉടൻ കുവൈത്തിലെ ഇന്ത്യൻ അംബാസിഡർ ആദർശ് സ്വയ്ക്ക സംഭവസ്ഥലവും പരിക്കേറ്റവർ ചികിത്സയിൽ കഴിയുന്ന ആശുപത്രികളും സന്ദർശിച്ചു. കുടുംബാംഗങ്ങൾക്ക് ബന്ധപ്പെടുന്നതിന് എംബസി ഹെൽപ് ലൈൻ നമ്പർ ഏർപ്പെടുത്തി.

മലയാളിയുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനിയായ N.B.T.C യിലെയും ഹൈവേ സൂപ്പർ മാർക്കറ്റിലെയും ജീവനക്കാരാണ് ദുരന്തത്തിൽപെട്ടത്. ഇന്നലെ പുലർച്ചയാണ് മൻഗഫ് ബ്ലോക്ക് നാലിലെ ആറുനില കെട്ടിടത്തിൽ തീപടർന്നത്.

✪✪✪

കുവൈത്ത് ദുരന്തത്തിൽ നിരവധി ഇന്ത്യൻ പൗരന്മാർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ അദ്ദേഹത്തിന്റെ വസതിയിൽ അവലോകന യോഗം ചേർന്നു. ദുരന്തത്തിൽ ദുഃഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി, മരിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

സാധ്യമായ എല്ലാ സഹായവും നൽകണമെന്ന് പ്രധാനമന്ത്രി നിർദേശം നൽകി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മൃതദേഹങ്ങൾ വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുമായി കുവൈറ്റിലേക്ക് ഉടൻ പോകണമെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ്ങിനോട് അദ്ദേഹം നിർദ്ദേശിച്ചു. വിദേശകാര്യ സഹമന്ത്രി ഇന്ന് കുവൈത്തിലെത്തും.

മരിച്ച ഇന്ത്യക്കാരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം പ്രധാനമന്ത്രി ധനസഹായം പ്രഖ്യാപിച്ചു. വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ, സഹമന്ത്രി കീർത്തിവർദ്ധൻ സിംഗ് തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

ദുരന്തത്തെ കുറിച്ച് വിദേശകാര്യ മന്ത്രി ഡോ S. ജയശങ്കർ കുവൈത്ത് വിദേശകാര്യ മന്ത്രി അബ്ദുല്ല അലി അൽ യഹ്യയുമായി സംസാരിച്ചു. ഇക്കാര്യത്തിൽ കുവൈത്ത് അധികൃതർ നടത്തിയ ശ്രമങ്ങൾ അറിയിച്ചതായി ഡോ ജയശങ്കർ സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു. സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്നും ഉത്തരവാദിത്തം ഉറപ്പിക്കുമെന്നും ഉറപ്പുനൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പരിക്കേറ്റവർക്ക് ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നുണ്ടെന്ന് കുവൈത്ത് വിദേശകാര്യ മന്ത്രി അറിയിച്ചു. വിദേശകാര്യ സഹമന്ത്രി കെ വി സിംഗ് ഇന്ന് കുവൈറ്റിൽ എത്തിയ ശേഷം സ്ഥിതി അവലോകനം ചെയ്യുമെന്നും ഡോ. ജയശങ്കർ പറഞ്ഞു.

✪✪✪

കുവൈത്ത് ദുരന്തത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചിച്ചു. ദുരന്തം അതീവ ദു:ഖകരമാണെന്ന് ഗവർണർ പറഞ്ഞു.

✪✪✪

കുവൈത്ത് തീപിടുത്തത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന് കത്തയച്ചു. കുവൈത്ത് ഗവൺമെന്റുമായി ബന്ധപ്പെട്ട്

ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇന്ത്യൻ എംബസിക്ക് നൽകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

അപകടത്തിൽ മലയാളികൾ ഉൾപ്പെടെ നിരവധിപേർക്ക് ജീവൻ നഷ്ടമായതിൽ മുഖ്യമന്ത്രി അനുശോചനം അറിയിച്ചു. മൃതദേഹങ്ങൾ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാൻ ഇടപെടൽ നടത്താൻ മുഖ്യമന്ത്രി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

✪✪✪

കുവൈത്ത് ദുരന്തത്തിൽ ഇന്ത്യക്കാർ അടക്കം 49 പേരുടെ മരണത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അനുശോചിച്ചു. വാർത്ത ഏറെ ഞെട്ടലുളവാക്കുന്നതും , അതീവ ദുഃഖകരവുമാണെന്ന് രാഹുൽ പറഞ്ഞു. മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്റെ അഗാധമായ അനുശോചനം അറിയിക്കുന്നു, പരിക്കേറ്റ എല്ലാവർക്കും വേഗത്തിൽ സുഖം പ്രാപിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിഡിൽ ഈസ്റ്റിലെ ഞങ്ങളുടെ തൊഴിലാളികളുടെ അവസ്ഥ ഗുരുതരമായ ആശങ്കാജനകമാണ്.

✪✪✪

കുവൈത്ത് തീപിടിത്തത്തിന്റെ സാഹചര്യത്തിൽ അടിയന്തിരസഹായത്തിനായി നോർക്ക റൂട്ട്സ് ഗ്ലോബൽ കോണ്ടാക്ട് സെന്ററും കുവൈത്തിൽ ഹെൽപ് ഡെസ്കും ആരംഭിച്ചു.

✪✪✪

കുവൈത്തിലെ തീപ്പിടുത്തവുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾക്കായി വിദേശകാര്യ മന്ത്രാലവുമായും കുവൈത്തിലെ ഇന്ത്യൻ സ്ഥാനപതിയുമായും സംസാരിച്ചതായി നിയുക്ത M.P ഷാഫി പറമ്പിൽ അറിയിച്ചു. ആശുപത്രികളിൽ ചികിത്സ തേടിയവരെ സഹായിക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചതായി ഇന്ത്യൻ എംബസി അറിയിച്ചതായും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

മൂന്ന് ദിവസത്തെ ജി 7 ഉച്ചകോടിക്ക് ഇന്ന് ഇറ്റലിയിലെ അപുലിയയിൽ തുടക്കമാകും. ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും. തുടർച്ചയായി മൂന്നാം തവണ അധികാരമേറ്റ ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യ വിദേശ യാത്രയാണിത്.

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...**

**..........(വോയിസ്).............**

**ജി 7 ഉച്ചകോടിയിൽ നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നത്. നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്ക, മെഡിറ്ററേനിയൻ തുടങ്ങിയ വിഷയങ്ങളിൽ സെഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. ഉച്ചകോടിക്കിടെ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായും മറ്റു രാജ്യങ്ങളിലെ നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.**

**1973 ലെ ഊർജ്ജ പ്രതിസന്ധിക്കിടെ സാമ്പത്തിക സഹകരണത്തിന് ഒരു വേദിയെന്ന നിലയിലാണ് G7 ഗ്രൂപ്പ് സ്ഥാപിതമായത്. യുഎസ്, കാനഡ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ, കാനഡ, ബ്രിട്ടൻ എന്നിവയാണ് ജി-7 അംഗരാജ്യങ്ങൾ. ഇന്ത്യ ജി-7 രാജ്യങ്ങളിൽ ഉൾപ്പെടുന്നില്ലെങ്കിലും പ്രത്യേക ക്ഷണപ്രകാരമാണ് ഉച്ചകോടിയിൽ സംബന്ധിക്കുന്നത്.**

**നരേന്ദ്ര മോദി തുടർച്ചയായ അഞ്ചാം തവണയും ഇന്ത്യ പതിനൊന്നാം തവണയുമാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.**

**✪✪✪**

**കുവൈത്ത് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലോക കേരള സഭയുടെ ഇന്നത്തെ ഉദ്ഘാടന സമ്മേളനവും സെമിനാറും അനുബന്ധ പരിപാടികളും ഒഴിവാക്കി. നാളെയും മറ്റന്നാളും സമ്മേളനം നിശ്ചയിച്ച പ്രകാരം നടക്കും. ആഘോഷ പരിപാടികൾ ഉണ്ടാവില്ല.**

**✪✪✪**

**നിയമസഭാമന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ നാളെയും മറ്റന്നാളുമാണ് ലോകകേരള സഭ ചേരുക. 103 രാജ്യങ്ങളിൽ നിന്നും, 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും പ്രവാസികേരളീയ പ്രതിനിധികൾ പങ്കെടുക്കും. ഇരുന്നൂറിലധികം പ്രത്യേക ക്ഷണിതാക്കളും ഇത്തവണ സഭയിൽ പങ്കെടുക്കുന്നുണ്ട്. പാർലമെന്റ്, നിയമസഭാംഗങ്ങളും നാലാം ലോക കേരളസഭയുടെ ഭാഗമാണ്. എമിഗ്രേഷൻ കരട് ബിൽ 2021, വിദേശ റിക്രൂട്ട്മെൻറ് പ്രോഗ്രാമുകൾ, സുസ്ഥിര പുനരധിവാസം - നൂതന ആശയങ്ങൾ, എന്നിവ ഉൾപ്പെടെ എട്ട്**

വിഷയങ്ങളിൽ അവതരണങ്ങൾ നടക്കും. ഇതോടൊപ്പം ഏഴു മേഖലാ അടിസ്ഥാനത്തിൽ ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

കേരളത്തിൽ നിന്ന് സൗദി അറേബ്യയിൽ എത്തിയ മുഴുവൻ ഹജ്ജ് തീർത്ഥാടകർക്കും യാത്രാ പാസ് അനുവദിക്കാൻ അധികൃതർ നടപടി സ്വീകരിച്ചു. യാത്ര പാസ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടൻ ഹജ്ജിന്റെ ചുമതല വഹിക്കുന്ന മന്ത്രി V അബ്ദുറഹിമാൻ കേന്ദ്ര-വിദേശകാര്യ, ന്യൂനപക്ഷ ക്ഷേമ മന്ത്രിമാർക്കും സൗദിയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിനും കത്തെഴുതിയിരുന്നു. തുടർന്നാണ് അധികൃതർ പാസ് നൽകാൻ നടപടി വേഗത്തിലാക്കിയത്. തീർത്ഥാടകർക്ക് പുറത്തിറങ്ങാനും വിവിധ ആവശ്യങ്ങൾ നിർവഹിക്കാനും യാത്രാ പാസ് ആവശ്യമാണ്.

ഇത്തവണ കേരളത്തിൽ നിന്ന് 18,201 പേരാണ് ഹജ്ജ് കർമ്മങ്ങൾക്കായി സൗദിയിൽ എത്തിയത്.

✪✪✪

കൊട്ടിയൂർ ക്ഷേത്രം വൈശാഖോത്സവത്തിലെ മകം കലംവരവ് ഇന്ന്. ഉച്ചശീവേലിക്കുശേഷം സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ പ്രവേശനം ഉണ്ടാകില്ല. അവസാനത്തെ പായസ നിവേദ്യമായ അത്തം ചതുശ്ശതം ഞായറാഴ്ചയാണ്. തിങ്കളാഴ്ച തൃക്കലശ്ശാട്ടോടെ വൈശാഖോത്സവം സമാപിക്കും.

✪✪✪

ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ 7 വിക്കറ്റിന് അമേരിക്കയെ പരാജയപ്പെടുത്തി. വിജയത്തോടെ ഗ്രൂപ്പ് എയിൽ ഒരു കളി ശേഷിക്കെ ഇന്ത്യ സൂപ്പർ 8 ൽ പ്രവേശിച്ചു. ന്യൂയോർക്കിൽ ആദ്യം ബാറ്റ് ചെയ്ത അമേരിക്ക 110 റൺസ് നേടി. 111 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 10 പന്തുകൾ ബാക്കിനിൽക്കേ മൂന്നു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു . തുടക്കം മോശമായിരുന്ന ഇന്ത്യയെ നാലാം വിക്കറ്റിൽ ഒന്നിച്ച സൂര്യകുമാർ യാദവ് - ശിവം ദുബെ സഖ്യമാണ് വിജയത്തിലെത്തിച്ചത്. ഇരുവരും ചേർന്നെടുത്ത 72 റൺസാണ് ഇന്ത്യൻ വിജയത്തിൽ നിർണായകമായത്. അർഷ്ദീപ് സിംഗ് നാല് വിക്കറ്റ് വീഴ്ത്തി.

ട്രിനിഡാഡിൽ ഇന്ത്യൻ സമയം രാവിലെ ആറിന് ആരംഭിച്ച മത്സരത്തിൽ ന്യൂസിലൻഡിനെതിരെ വെസ്റ്റ് ഇൻഡീസിന് ബാറ്റിംഗ്

**തകർച്ച. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വെസ്റ്റ് ഇൻഡീസ് 9.3 ഓവറിൽ അഞ്ച് വിക്കറ്റിന് 49 റൺസെടുത്തു.**

**മറ്റൊരു മത്സരത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടിന് ബംഗ്ലാദേശ്, നെതർലൻസിനെ നേരിടും.**

✪✪✪

**ഇറ്റലിയിൽ പെറുഗിയ ചലഞ്ചർ ടെന്നീസ് ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ സുമിത് നാഗൽ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. പ്രീ ക്വാർട്ടറിൽ ഇറ്റലിയുടെ അലസ്സാൻഡ്രോ ജിയാനെസിയെയാണ് അദ്ദേഹം തോൽപിച്ച ത്. നാളെ ക്വാർട്ടർ ഫൈനലിൽ പോളണ്ടിന്റെ മാക്സ് കസ്നികോവ്സ്കിയെ, നാഗൽ നേരിടും.**

**പുരുഷന്മാരുടെ ഡബിൾസ് പ്രീക്വാർട്ടറിൽ ഇന്ന് ഇന്ത്യയുടെ എൻ. ശ്രീറാം ബാലാജിയും ജർമ്മൻ പങ്കാളിയായ ആന്ദ്രെ ബെഗെമാനും നെതർലൻഡ്സ് ജോഡികളെ നേരിടും.**

✪✪✪

**മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താമത് എഡിഷൻ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായി അടുത്ത മാസം 25 മുതൽ നാല് ദിവസങ്ങളിലായി നടക്കും. ദക്ഷിണേന്ത്യയിൽ വൈറ്റ് വാട്ടർ കയാക്കിങ്ങ് പ്രോത്സാഹിപ്പിക്കുകയും അന്താരാഷ്ട്ര ശ്രദ്ധ നേടുകയും ചെയ്യുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.**

**ഫെസ്റ്റിവലിന്റെ പ്രഥമയോഗം സംഘാടകസമിതി രൂപീകരണം ഉൾപ്പെടെ കാര്യങ്ങൾ ചർച്ച ചെയ്തു. ഓൺലൈനായി നടന്ന യോഗത്തിൽ മന്ത്രി P.A മുഹമ്മദ് റിയാസ് അധ്യക്ഷനായിരുന്നു.**

**എട്ട് രാഷ്ട്രങ്ങളിൽ നിന്നു 11 അന്താരാഷ്ട്ര കയാക്കർമാർ ഇതിനകം തന്നെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.**

✪✪✪

**കോഴിക്കോട് പന്തീരങ്കാവിൽ ഭർത്തൃഗൃഹത്തിലുണ്ടായ പീഡനത്തെ തുടർന്ന് പരാതിക്കാരിയായ പെൺകുട്ടി മൊഴി മാറ്റിയ സംഭവം ഗൗരവമായാണ് കാണുന്നതെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു. കമ്മീഷന്റെ എറണാകുളം ജില്ലാതല സിറ്റിംഗിനു**

ശേഷം സംസാരിക്കുകയായിരുന്നു അവർ. മൊഴി മാറ്റിയ സാഹചര്യം കൃത്യമായി പരിശോധിക്കുകയും വിശദമായി അന്വേഷിക്കുകയും വേണമെന്ന് അവർ അഭിപ്രായപ്പെട്ടു.

പെൺകുട്ടിയെ കാണാനില്ലെന്ന് കാണിച്ച് പെൺകുട്ടിയുടെ അച്ഛൻ പരാതി നൽകിയിട്ടുണ്ട്. മൊഴി മാറ്റിയതായി സത്യവാങ്മൂലം കോടതിയിൽ സമർപ്പിക്കാനും കേസ് തന്നെ ഇല്ലാതാക്കാനുമാണ് ശ്രമം നടക്കുന്നതെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

വൈപ്പിനിൽ ഓട്ടോറിക്ഷാ ഡ്രൈവറായ വനിതയെ അക്രമി സംഘം ക്രൂര മർദനത്തിനിരയാക്കിയ സംഭവത്തിൽ വനിതാ കമ്മിഷൻ സ്വമേധയാ കേസെടുത്തു. ഇതുസംബന്ധിച്ച് എറണാകുളം ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടെന്നും അവർ അറിയിച്ചു.

✪✪✪